പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:815 — 28.09.2011- ലെ മറുപടി

## കെ.എസ്.ആർ.ടി.സിയിൽ ഇ – ഗവേണൻസ്

**ചോദ്യം** — **ഉത്തരം**

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. വി.ഡി. സതീശൻ
ശ്രീ. വർക്കല കഹാർ
ശ്രീ. റ്റി.എൻ. പ്രതാപൻ

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ കെ.എസ്. ആർ.ടി.സി. ബസ്സുകളുടെ പോക്കുവരവ് അറിയുവാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; | (എ) | കെ.എസ്.ആർ.ടി.സി ബസ്സുകളുടെ പോക്കുവരവ് SMS മുഖേന അറിയിന്നുതിനുള്ള ഒരു സംവിധാനം 02-9-2011 -ൽ നടപ്പിലാക്കുകയുണ്ടായി. ഓൺലൈൻ ആയി സമയ വിവരപട്ടിക ലഭ്യമാക്കുന്നതിന് GPS (Global Positioning System) സംവിധാനം ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | കോർപ്പറേഷനിൽ ഇ-ഗവേണൻസ് ആരംഭിച്ചിട്ടുണ്ടോ; | (ബി) | ആരംഭിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തെല്ലാം; | (സി) | കെ.എസ്.ആർ.ടി.സിയുടെ ദൈനംദിന പ്രവർത്തങ്ങൾ പൂർണ്ണമായി കംപ്യൂട്ടർവൽക്കരിച്ച് സ്ഥാപനത്തെ കൂടുതൽ കാര്യക്ഷമമാക്കുകയും യാത്രക്കാർക്ക് കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് ലക്ഷ്യം. ഇ-ഗവേണൻസിന്റെ ഭാഗമായി ഓൺലൈൻ റിസർവ്വേഷൻ സംവിധാനം ഇതിനകം നടപ്പിലാക്കി കഴിഞ്ഞു. എല്ലാ ബസ്സുകളിലും മുൻപ് നിലവിലുണ്ടായിരുന്ന ടിക്കറ്റ് റാക്കിനുപകരം ഇല്ക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ (ETM) |

| | | | |
|---|---|---|---|
| | | | നൽകുകയുണ്ടായി.<br>കെ.എസ്.ആർ.ടി.സി യുടെ വിവിധ സെക്ഷനുകളിലെ ജോലികളെ 25 മോഡ്യൂളുകളായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന Total Computerization Project - ന്റെ 16 മോഡ്യൂളുകൾ 02-9-2011 - ൽ പ്രവർത്തനം ആരംഭിച്ചു.<br>ബാക്കിയുള്ള ജോലികളും എത്രയും പെട്ടെന്ന് കംപ്യൂട്ടർവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ GPS സംവിധാനം കെ.എസ്.ആർ.ടി.സിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. M-Governance പദ്ധതിയിലൂടെ ബസ്സുകളുടെ പോക്കുവരവ് SMS ലൂടെ പൊതുജനങ്ങൾക്ക് അറിയുന്നതിനുള്ള സൗകര്യവും 02-9-2011 മുതൽ ആരംഭിക്കുകയുണ്ടായി. |
| (ഡി) | ഏതെല്ലാം ബസ്സ് സർവ്വീസുകളുടെ സമയവിവര പട്ടികയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്? | (ഡി) | ഈ പദ്ധതിയിൽ സൂപ്പർ ഫാസ്റ്റ് മുതൽ മുകളിലേക്കുള്ള എല്ലാ അപ്പർ ക്ലാസ്സ് സർവ്വീസുകളുടെയും പ്രധാനപ്പെട്ട ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകളുടെയും സമയ വിവരപട്ടിക ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

K. C. Dominic

സെക്ഷൻ ഓഫീസർ